# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 303 — 26.02.2018 — ൽ മറുപടിക്ക്

## റേഷൻ കടകളിൽ ഇ-പോസ് മെഷീൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാമചന്ദ്രൻ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) റേഷൻ കടകളിൽ ഇ-പോസ് മെഷീൻ സ്ഥാപിക്കുന്ന പ്രവൃത്തികളുടെ പുരോഗതി വിശദമാക്കുമോ; | (എ) റേഷൻ കടകളിൽ ഇ-പോസ് മെഷീൻ സ്ഥാപിക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം 2018 ജനുവരി 6-ന് ബഹു. കേരള മുഖ്യമന്ത്രി നിർവഹിക്കുകയുണ്ടായി. മെഷീനുകൾ സ്ഥാപിക്കുന്നതിനായി ലിങ്ക്‌വെൽ ടെലി സിസ്റ്റം പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുമായി കരാർ ഒപ്പു വയ്ക്കുകയും പർച്ചേസ് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിലെ 60 റേഷൻ കടകളിൽ ഇ-പോസ് മെഷീനുകൾ സ്ഥാപിച്ച് ആയതിലൂടെ റേഷൻ വിതരണം നടത്തി വരുന്നു. മറ്റു ജില്ലകളിൽ മെഷീൻ സ്ഥാപിക്കുന്നതിനു മുന്നോടിയായുള്ള പരിശീലനം ഫെബ്രുവരി മാസത്തിൽ തന്നെ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2018 മാർച്ച് മാസത്തോടുകൂടി സംസ്ഥാനത്ത് മുഴുവൻ റേഷൻ കടകളിലും ഇ-പോസ് മെഷീൻ സ്ഥാപിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |
| (ബി) പരീക്ഷണാർത്ഥം സ്ഥാപിക്കപ്പെട്ട മെഷീനുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; വിശദീകരിക്കുമോ; | (ബി) ഉണ്ട്. കരുനാഗപ്പള്ളി താലൂക്കിലെ 60 റേഷൻകടകളിൽ പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിക്കപ്പെട്ട മെഷീനുകൾ വഴി തന്നെയാണ് റേഷൻ വിതരണം നടത്തി വരുന്നത്. റേഷൻ സംബന്ധിച്ച ട്രാൻസാക്ഷനുകൾ, സ്റ്റോക്ക് വിവരങ്ങൾ മുതലായവ epos.kerala.gov.in എന്ന പോർട്ടലിലൂടെ പൊതുജനങ്ങൾക്കുൾപ്പെടെ നിരീക്ഷിക്കാൻ സാധിക്കും. |
| (സി) സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്ന പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ; | (സി) 2018 മാർച്ച് 31 നകം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുകയെന്ന ലക്ഷ്യത്തോടുകൂടി നടപടികൾ പുരോഗമിച്ചു വരുന്നു. |

| | |
|---|---|
| (ഡി) ഇ-പോസ് മെഷീനുകൾ പ്രവർത്തന സജ്ജമാകുമ്പോൾ ആധാർ കാർഡില്ലാത്തവർക്ക് റേഷൻ ലഭിക്കാത്ത അവസ്ഥയുണ്ടാകുമോ; വിശദീകരിക്കുമോ? | (ഡി) ഇല്ല. ആധാർ കാർഡ് ഇല്ലെങ്കിലും തൽക്കാലം റേഷൻ ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ